കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/ പി8/ 907 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ/ പി8/ 907 /2023 തീയ്യതി: 19/09/2023

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ

അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	24-07-2023	05-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2023	05-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ.ബിനോയി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ ആർ. അനിൽ കുമാർ	സെക്രട്ടറി	01-04-2022	05-10-2022
ശ്രീമതി സുജകുമാരി എസ്.	സെക്രട്ടറി	06-10-2022	16-01-2023
ശ്രീമതി അപർണ്ണ കെ.എ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-01-2023	22-01-2023
ശ്രീ വി. സുമേഷ് കുമാർ	സെക്രട്ടറി	23-01-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രാധിക എസ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2022	29-09-2022
ശ്രീമതി അനിത കുമാരി എം.റ്റി.	അസിസ്റ്റന്റ് എൻജിനീയർ	30-09-2022	31-03-2023
ശ്രീമതി ധന്യ എ	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ. അനിൽ കെ.	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി വീണ ഐ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	13-05-2022
ശ്രീമതി രമ്യമോൾ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14-05-2022	31-03-2023
ശ്രീ.രാജേഷ് ഡി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(II)	01-04-2022	07-01-2023
ശ്രീമതി സ്വാതി ചന്ദ്രൻ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	01-04-2022	16-01-2023

ശ്രീമതി രെഞ്ജു രാധാകൃഷ്ണൻ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	17-01-2023	31-03-2023
ശ്രീ.ഉണ്ണികൃഷ്ണൻ കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	22-04-2022
ശ്രീമതി അപർണ്ണ കെ.എ.	അസിസ്റ്റന്റ് സെക്രട്ടറി	23-04-2022	31-03-2023
ഡോ. മഞ്ജിമ പൗലോസ്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2022	31-03-2023
ഡോ. മീര ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2022	13-06-2022
ഡോ. മീര രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	14-06-2022	01-08-2022
ഡോ. ജിസ്സ് മേരി	മെഡിക്കൽ ഓഫീസർ, ആയുർവേദം	02-08-2022	31-03-2023
ഡോ. ഷീജ ബീഗം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ശ്രീ ശ്രീകുമാർ ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	30-01-2023
ശ്രീമതി ശിൽപ്പ പ്രദീപ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	31-01-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ ഓരോ മാസവും ചെയ്യുന്നില്ല	1-1-3
5	ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-5
7	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-6
8	ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-7
9	റീക്കൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല	1-1-8
10	ശുചിത്വമിഷൻ ഗ്രാന്റ് - നീക്കിയിരിപ്പ് കൃത്യമല്ല	1-1-9
11	ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല	1-1-10
12	ലൈഫ് ലോൺ- അക്കൗണ്ടിംഗ് കൃത്യമല്ല	1-1-11
13	വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിലുള്ള ബാധ്യത അക്കൗണ്ട് ചെയ്തിട്ടില്ല	1-1-12
14	മെയിന്റനൻസ് ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു	1-1-13
15	ബജറ്റ്	1-2

16	സാമ്പത്തിക നില	1-3
17	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- അപാകതകൾ	1-4-1
18	ഗ്രാന്റ് വിനിയോഗം	1-4
19	പദ്ധതി അവലോകനം	1-5
20	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
21	ക്ഷേമ പദ്ധതികൾ	1-7
22	കാഷ് ബാലൻസ് പരിശോധന	1-8
23	ആഭ്യന്തര നിയന്ത്രണം	1-9
24	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
25	തനത് വിഭവ സമാഹരണം-അവലോകനം	1-11
26	റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ്	1-12
27	വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത	1-13
28	തൊഴിൽ നികുതി പിരിവ്	1-14
29	സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -മരണപ്പെട്ടവരെ ഒഴിവാക്കുന്നില്ല	1-15
30	പരേതയും കർഷക ക്ഷേമ പെൻഷൻ വാങ്ങുന്നു.	1-16
31	സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകങ്ങൾ	1-17
32	ഹരിത കർമ്മസേനയുടെ പ്രവർത്തനം	1-18
33	സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.	1-19
34	അഗതികേരളം പദ്ധതി -അവലോകനം	1-20
35	മരുന്നു ലഭ്യമാക്കുന്നതിനു കാലതാമസം	1-21
36	ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല.	1-22
37	പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പദ്ധതി രൂപീകരിച്ചിട്ടില്ല.	1-23

38	വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശങ്ങളുടെ വികസനത്തിന് നടപടി വേണം	1-24
39	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല	1-25
40	മരാമത്ത് പ്രവൃത്തികൾ- പൊതുവായ അപാകതകൾ	1-26
41	കരാർ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കുന്നില്ല	1-27
42	ആരോഗ്യ ജാഗ്രതാ പ്രവർത്തനം- ശുചിത്വ മിഷൻ വിഹിതം ലഭിച്ചില്ല	1-28
43	മരാമത്ത് പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരേ നടപടിയില്ല	1-29
44	പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക 65.68 ലക്ഷം രൂപ	1-30
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.	4-7
8	ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15-07-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
തീയതി 19/09/2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2304913 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2927255രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ ഓരോ മാസവും ചെയ്യുന്നില്ല

പ്രതിമാസം റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല. ജനറൽ പർപ്പസ് ഫണ്ടിന്റെ അലോട്ട്മെന്റ് ഉൾപ്പടെയുള്ള വരവുകൾ യഥാസമയം ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്യുന്നില്ല. ഇ-പേയ്മെന്റ് അക്കൗണ്ടും പ്രതിമാസം റീക്കൺസിൽ ചെയ്യിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ്സ്ബുക്കും തമ്മിലുള്ള വ്യത്യാസം യഥാസമയം ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല.

1-1-4 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

എ)26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

ബി)ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാവസാനം ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നതായി കാണുന്നു

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 187 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്.

ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ഉദാഹരണമായി പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.

1-1-7 ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. പകരം വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ രജിസ്റ്ററിൽ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഉദാ;- തൊഴിൽ നികുതി/ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകൾ

1-1-8 റീക്കൺസിലിയേഷൻ പത്രികയിൽ Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല

ഇ-പേയ്മെന്റ് അക്കൗണ്ടിൽ(നം.37113884910) മാർച്ച് മാസത്തെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റിലെ Directly Debited By Bank ആയി ചേർത്ത തുക(25596) പിന്നീട് ക്രമീകരിച്ചിട്ടില്ല. 3/23-ന് ശേഷം പ്രതിമാസ

റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

1-1-9 ശുചിത്വമിഷൻ ഗ്രാന്റ് - നീക്കിയിരിപ്പ് കൃത്യമല്ല

ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരം ശുചിത്വമിഷൻ ഫണ്ടിന്റെ(320100198) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് (318297)കൃത്യമല്ല. വൗച്ചർ നം. 22200904/31.03.23 പ്രകാരം ടോയ്‌ലറ്റ് റിട്രോഫിറ്റിംഗിനായി നൽകിയ 20000 രൂപ കുറവ് ചെയ്യിട്ടില്ല. യഥാർത്ഥ നീക്കിയിരിപ്പ് 298297 രൂപയാണ്.

1-1-10 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുകയിൽ 81050 രൂപ ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മുൻ വർഷത്തേതുൾപ്പടെയുള്ള തുക നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല. ബാധ്യതാ രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല

1-1-11 ലൈഫ് ലോൺ- അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-5: Secured Loan From KURDFC- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക (₹ 1265206) തെറ്റാണ്. ഗ്രാമപഞ്ചായത്ത് ലൈഫ് പ്രോജക്ടിനായി ലോൺ എടുത്തിട്ടില്ല. ലൈഫ് മിഷൻ സംസ്ഥാന വിഹിതം(1500000) തെറ്റായി ലോൺ അക്കൗണ്ടിൽ മുന്നിരിപ്പായി രേഖപ്പെടുത്തുകയും ലോൺ റിക്കവറി ഇനത്തിൽ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക ഈ തുകയിൽ നിന്നും കുറവ് ചെയ്ത് ലോൺ നീക്കിയിരിപ്പ് അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-12 വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിലുള്ള ബാധ്യത അക്കൗണ്ട് ചെയ്തിട്ടില്ല

വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിലുള്ള 31/03/2023-ലെ ബാധ്യത 4930396 രൂപയാണ്. എന്നാൽ ഈ തുക ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-13 മെയിന്റനൻസ് ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-ൽ നിന്നുള്ള 4809212 രൂപയുടെ ചെലവ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 07.03.2023-ന് പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	റസീറ്റ് & പേയ്മെന്റ് പത്രിക	ഇൻകം &എക്സ്പെൻഡിച്ചർ പത്രിക
മുന്നിരിപ്പ്	15887024	5605880	
വരവ്	142216636	24380843	74099942
ആകെ	158103660	29986723	
ചെലവ്	156030975	22075930	75641113
നീക്കിയിരിപ്പ്	2072685	7910793	

ബജറ്റ് പ്രകാരം 14.22കോടി രൂപയുടെ പ്രതീക്ഷിത വരവും 15.6 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 7.41കോടി രൂപയും ചെലവ് 7.56കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്.

1-3 സാമ്പത്തിക നില

ഇനം	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം
മുന്നിരിപ്പ്	5605880	
ഓഡിറ്റ് വർഷത്തെ വരവ്	24380843	74099942
ആകെ വരവ്	29986723	
ഓഡിറ്റ് വർഷത്തെ ചെലവ്	22075930	75641113
നീക്കിയിരിപ്പ്	7910793	

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ധനകാര്യ കമ്മീഷൻ (ടൈഡ്), (അൺടൈഡ്) ഗ്രാന്റിന്റെ വരവ്, ചെലവ് കണക്കുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഇ-ഗ്രാം സ്വരാജ് പ്രകാരമുള്ള സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ പ്രകാരമുള്ളത് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) വികസന ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്കുകൾക്കായി സ്രോതസ്സിൽ കുറവ് ചെയ്ത തുക സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ പ്രോജക്കുകൾ സുലേഖ പ്രകാരമുള്ള ചെലവിൽ ഉൾപ്പെടുന്നതിനാൽ നീക്കിയിരിപ്പ് കണക്കാക്കിയതും കൃത്യമല്ല.

3) ലൈഫ് പ്രോജക്ട് വായ്പ മുതൽ തിരിച്ചടവ് ഇനത്തിൻ വികസന ഫണ്ട്(എസ്.സി.പി.)യുടെ രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്നും 111598 രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തുവെങ്കിലും 11598 രൂപ മാത്രമാണ് ജി.ഒ പ്രോജക്ട് ചെലവ് ആയി ഉൾപ്പെടുത്തിയത്. ഇതുമൂലം വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള വികസന ഫണ്ട്(എസ്.സി.പി.)യുടെ ആകെ ചെലവിൽ 100000 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ		9313000	9313000	8144513	1168487
വികസന ഫണ്ട്-എസ്.സി.പി		2956000	2956000	2561196	394804
വികസന ഫണ്ട്-ടി.എസ്.പി		0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	1172500	2429000	3601500	1048604	2552896
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), ക്യാരി ഓവർ വിഹിതം		634040	634040	0	634040
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)*പലിശ ഉൾപ്പടെ)	433533	1648540	2082073	1500099	581974
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്), ക്യാരി ഓവർ വിഹിതം		371142	371142	84177	286965
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്		4570000	4570000	2143703	2426297

മെയിന്റനൻസ് ഗ്രാന്റ്- റോഡ്		9853000	9853000	7078660	2774340
ധനകാര്യ കമ്മീഷൻ- ഹെൽത്ത് ഗ്രാന്റ് -Infrastructure		239640	239640	92670	146970
ധനകാര്യ കമ്മീഷൻ- ഹെൽത്ത് ഗ്രാന്റ് -Subcentres		111570	111570	0	111570
റ്റി.എസ്.സി.	488028	0	488028	0	488028
ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ	383093	229114	612207	0	612207
ശുചിത്വ മിഷൻ ഫണ്ട്	679421	0	679421	361124	318297
എം.എൻ. ആർ.ഇ.ജി.എസ്	498	12077695	12078193	12072186	6007
ആരോഗ്യകേരളം അവാർഡ്	144360	0	144360	0	144360
വിമുക്തി	2226	0	22226	0	2226
ലൈഫ് സ്റ്റേറ്റ്ഷെയർ	153526	100000	253526	105661	147865

1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	നടപ്പാക്കാത്തത്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

156	59390769	111	25545323	45	71.1%

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവു ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
തൊഴിലാളികളുടെ കൂലി	---	11510763	11510763	11510763	---
ഭരണച്ചെലവുകൾ	498	1212453	1212951	1206944	6007
ആകെ	498	12723714	12723714	12717707	6007

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	**ചെലവഴിച്ച തുക**	**ഗുണഭോക്താക്കളുടെ എണ്ണം**
കർഷകതൊഴിലാളി പെൻഷൻ	712000	470
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	1835200	1182
വിധവാപെൻഷൻ	6366400	4110
വാർദ്ധക്യകാല പെൻഷൻ	19182800	12678
അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	160000	105

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2023-ാം തീയതി 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7319 രൂപ (ഏഴായിരത്തി മുന്നൂററി പത്തൊൻപത് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് അംഗീകൃത ഗുണമേന്മ നിലവാരം കൊണ്ടുവരികയും ഗ്രാമപഞ്ചായത്തിനെ കൂടുതൽ പൗര സൗഹൃദമാക്കി ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

(1) ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

(2) പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായും, ടി ഭൂമി ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കുന്നതിനുമായി അളന്ന് തിരിച്ച് അതിർത്തി സംരക്ഷിക്കുന്നതിനുമായി സർവ്വേകല്ലുകൾ സ്ഥാപിക്കുന്നതിനും വേലി കെട്ടി തിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. പുറമ്പോക്ക് ഉൾപ്പടെ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

(5) ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(6) തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

(7) സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(8) മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

(9) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

(10) ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17-02-2014 മുതൽ 03-03-14 വരെ	2008-09 മുതൽ 2012-13 വരെ	24-04-2014
പെർഫോമൻസ് ഓഡിറ്റ്	06-07-2022 മുതൽ 07-07-2022 വരെ	01/2022 മുതൽ 03/2022 വരെ	-

1-11 തനത് വിഭവ സമാഹരണം-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി തനത് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല. ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ

തനത് വരുമാനം സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. എന്നാൽ വസ്തു നികുതി നൂറുശതമാനം പിരിച്ചെടുക്കുന്നതിനും ഹരിത കർമ്മസേനാംഗങ്ങൾ വഴി വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്(27.09.22-ലെ III(2)-ാം നമ്പർ തീരുമാനം). വസ്തു നികുതിയിൽ നിന്നുള്ള വരുമാനമാണ് പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനം. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 6687 കെട്ടിടങ്ങളാണ് വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ ഒഴികെ ബാക്കിയുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി ഈടാക്കിയിട്ടുള്ളതായും ടി കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചു.

2) വസ്തുനികുതി-

എ) പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം

ബജറ്റ് പ്രകാരമുള്ള വസ്തു നികുതി പ്രതീക്ഷിത വരവും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള യഥാർത്ഥ വരവും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ്	6500000
Ilgms പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്	4275659

ബി) തൻ വർഷത്തെ വസ്തു നികുതി പിരിവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശം പരിശോധിച്ചതിൽ നിന്നും ആകെ ഡിമാന്റ് തുകയായ 4275659രൂപയിൽ 4274207 രൂപയും പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അതായത് ആകെ ഡിമാന്റ് തുകയുടെ 99.97% തുകയും പിരിച്ചെടുത്തു.

സി) പുതുക്കിയ വസ്തു നികുതി

01.04.2023 മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/Lsgd; 22.03.2023 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്നത് 01.04.2023 മുതലാണ്. ജി.ഒ(എം.എസ്.) 25/2023/തസ്വഭവ തീ.05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് അന്തിമ വിജ്ഞാപനം 30-06-2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ ഇതനുസരിച്ച് മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി തുടങ്ങിയിട്ടില്ല. 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. സ.ഉ. (കൈ) നം .77/2023/LSGD തീയതി 22.03.2023പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാനവർദ്ധനവ് നേടാനാവുന്നതാണ്. പ്രദേശത്തിന്റെ വികസനസ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാവിഭജനം നടത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല. ഓൺലൈനായി പൊതുജനങ്ങൾക്ക് വസ്തു നികുതി നേരിട്ട് ഒടുക്കുന്നതിനായി SBI E-PAYMENT സംവിധാനമുണ്ട്. എന്നാൽ ഇത്തരം പണമിടപാടുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. ഐ.കെ.എം. ഓൺലൈൻ ട്രാൻസാക്ഷൻ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത് വൈകുന്നതാണ് കാരണമെന്ന് അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്.

ഡി) **സേവന ഉപനികുതി പുതിയതായി ഏർപ്പെടുത്തി**

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പു പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്ത് അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷം മുതലാണ് സേവന നികുതി ഈടാക്കിത്തുടങ്ങിയിരിക്കുന്നത്. 15% സേവന ഉപനികുതിയാണ് ഈടാക്കുന്നത്.

ഇ) അനധികൃത നിർമ്മാണങ്ങൾ

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്നു രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3 കെട്ടിടങ്ങളെ അനധികൃത നിർമ്മാണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള ഈ അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി നിയമപ്രകാരം ഈടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018(SRO No.96/2018-15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

3) **<u>തൊഴിൽ നികുതി</u>**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ - സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കറാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ്

പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കോവിഡ്-19 മഹാമാരിക്ക് ശേഷം നിരവധി ആളുകൾ ഓൺലൈൻ സംവിധാനത്തിലൂടെ (Work From Home) ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള എല്ലാ പ്രൊഫഷണലുകളേയും ഉൾപ്പെടുത്തി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതിചോർച്ച ഒഴിവാക്കാവുന്നതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

4) <u>വിനോദ നികുതി</u>

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കൾ ഉണ്ടെങ്കിൽ അവരിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

5)<u>എഫ് ടി ഇ & ഒ എസ് ലൈസൻസ്</u>

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE&OS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) <u>തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.</u>

1) ഗ്രാമപഞ്ചായത്തുകൾക്ക് പരസ്യനികുതിയിൽ നിന്നുള്ള ജി.എസ്.റ്റി. വരുമാനം നിലവിൽ ലഭ്യമാകുന്നില്ല. വൻകിട പരസ്യ കമ്പിനികൾ അവരുടെ പരസ്യ ബോർഡുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പരസ്യബോർഡുകൾ സംബന്ധിച്ച് സൂചനയുണ്ടെങ്കിലും ആയത് സ്ഥാപിക്കുന്ന സമയത്ത് ഫീസ് ഈടാക്കുന്നതിന് വ്യവസ്ഥയില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

2) മാരാമൺ കൺവെൻഷൻ നടക്കുന്ന സമയത്ത് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പല സ്ഥലങ്ങളും സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ സ്ഥല ഉടമകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് നിയമാനസൃതമായ ഫീസ് ഈടാക്കാവുന്നതാണ്.

3) ഇക്കോ ടൂറിസത്തിന് സാധ്യതയുള്ള അരുവിക്കുഴി വെള്ളച്ചാട്ടം പോലുള്ള വിരവധി പ്രദേശങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയെല്ലാം ജില്ലാ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്താനായാൽ പ്രാദേശിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി ഗ്രാമപഞ്ചായത്തിന് വരുമാന വർദ്ധനവിനും വഴിയൊരുക്കും.

4)സഞ്ചയയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. സഞ്ചയ ഡേറ്റബേസിൽ ഒരു റോഡ് തന്നെ 5 മീറ്ററിൽ കൂടുതൽ നീളമുള്ളതെന്നും 1.5 മീറ്ററിൽ കൂടുതൽ നീളമുള്ളതെന്നും രേഖപ്പെടുത്തി കാണുന്നുണ്ട്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

5) ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

6)കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

7) വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ് അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

8) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9)ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022)ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും മേൽ നിർദ്ദേശങ്ങൾ പരിഗണിച്ചും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

1-12 റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ വാർഡ് 10-ൽ വരവണ്ണൂർ പൂച്ചേരിമുക്ക് റോഡ് മാരാമൺ ചർച്ച് റോഡ് എന്നിവിടങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി സുഗമ പോർട്ടൽ വഴി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിരുന്നു. 1940 മീറ്റർ നീളത്തിലും .45 മീറ്റർ ട്രഞ്ച് വീതിയിലും ആണ് കുഴികൾ എടുക്കുന്നതിനാണ് ജിയോ ലിമിറ്റഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നത്. ഇതനുസരിച്ച് അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള 2976990 രൂപ റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ ഡിമാന്റ് ചെയ്യുകയും (01/02/2023) തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ റീസ്റ്റോറേഷൻ ചാർജ്ജ്കണക്കാക്കിയതിൽ അപാകതയുണ്ട്. ഓപ്പൺ ട്രഞ്ച് രീതിയിൽ 1.65 മീറ്റർ ആഴത്തിൽ (പിറ്റ് സൈസ്- .45x1940) കുഴിക്കുന്നതായാണ് 29/12/22-ൽ ജിയോ ലിമിറ്റഡ് നൽകിയ അപേക്ഷയിലും സ്കെച്ചിലും സൂചിപ്പിക്കുന്നത്. പൊതുമരാമത്ത്(റോഡ് വിഭാഗം) ചീഫ് എൻജിനീയറുടെ 24.09.2020-ലെ സർക്കുലർ(CE-R&B-GL/RC/3/2018) അനുസരിച്ച് റീസ്റ്റൊറേഷന്റെ വീതി ട്രഞ്ചിന്റെ വീതിയുടെ 1.5 ഇരട്ടിയായിരിക്കണം, കൂടാതെ ടാറിംഗ് റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ മിനിമം വീതി 1 മീറ്റർ ആയിരിക്കണം. ഇതനുസരിച്ച് പരിശോധിച്ചതിൽ 1050മീറ്റർ നീളത്തിൽ Berm Cutting ചെയ്തതിന്റേയും 740 മീറ്റർ നീളത്തിൽ ടാർ റോഡിന്റെയും റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയത് ശരിയാണെങ്കിലും 150 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡിന്റെ റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകതയുണ്ട്. കോൺക്രീറ്റ് റോഡിന്റെ റീസ്റ്റോറേഷൻ ചാർജ് ചതുരശ്ര മീറ്ററിന് 5473.44 രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

റോഡിന്റെ തരം	ഈടാക്കേണ്ടിയിരുന്നത്	ഈടാക്കിയത്	കുറവ്
കോൺക്രീറ്റ് റോഡ്	150x (1.5x.45)X5473.44= 554186	150x(1x.45)X5473.44= 369457	184729

കുറവായി ഈടാക്കിയ തുക ടെലികോം കമ്പിനിയിൽ നിന്നും തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

പഞ്ചായത്തിലെ എട്ടാം വാർഡിൽ റിലയൻസ് ട്രൻഡ്സ് എന്ന സ്ഥാപനത്തിന് 2019 രണ്ടാം വർഷം 400B, 400C, 400D, 400E, 400F എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്(ആകെ തറ വിസ്തീർണ്ണം-535 M2). ചതുരശ്ര മീറ്ററിന് 90രൂപ ക്രമത്തിൽ ആകെ അടിസ്ഥാന വസ്തു നികുതി 48150 രൂപയാണ്. ടി കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സൗകര്യമുണ്ട് എങ്കിലും അടിസ്ഥാന വസ്തുനികുതിയിൽ അതനുസരിച്ച് 20% വർദ്ധനവ് വരുത്തിയിട്ടില്ല. ഇതുമൂലം ആകെ വസ്തു നികുതിയിൽ പ്രതിവർഷം 9630 രൂപയുടെ കുറവുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും തുക കുടിശ്ശിക സഹിതം ഈടാക്കി വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി പിരിവ്

കേരള പഞ്ചായത്തി രാജ് നിയമം 204ആം - വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്. ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

1.ഗ്രാമപഞ്ചായത്തിൽ 2022-23വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയില്ല.കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. മോഹൻകുമാർ. ബി,എടയാട്ട്,കുറിയന്നൂർ

2. ബിജു തോമസ് ജോൺ,പൂവത്തുംമൂട്ടിൽ,പുല്ലാട്

3.സുദീപ് .P.S,പാലശ്ശേരിൽ,മാടമൺ.

4.സനോജ്. K,നിരവു പുറത്ത്,കൂവക്കാവ്.

5. ജേക്കബ് കുര്യൻ.

6. ഹരിഹരൻ.

7.വേണുകുമാർ. ആർ

1I. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തെ നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ

റേഷൻ ഡിപ്പോകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്.ടി റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും, അതിലെ തൊഴിലാളികളെയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും വിവരം കാലികമാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -മരണപ്പെട്ടവരെ ഒഴിവാക്കുന്നില്ല

1.ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കാത്തതു മൂലമാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക		ബാങ്ക്/D.T.H
					കാലയളവ്	തുക	
1	വിശ്വനാഥൻ .K.R.	103870201061	വാർദ്ധക്യകാല പെൻഷൻ	24.07.22	8/22-4/23	14400	ബാങ്ക്
2	കുഞ്ഞമ്മ	103870100115	കർഷക തൊഴിലാളി പെൻഷൻ	28.2.22	3/22-4/23	22400	ബാങ്ക്
3	ഏലിയാമ്മ യോഹന്നാൻ	259687854807	വാർദ്ധക്യകാല പെൻഷൻ	09.01.22	2/22-4/23	24000	ബാങ്ക്

മരണപ്പെട്ടവരെ അതാത് മാസം തന്നെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണെന്ന്, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ

നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ജി.ഒ(എം.എസ്.)നം.97/2020/ധന തീയതി: 23/09/2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മരണ ശേഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതും അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റിയതുമായ തുകകൾ തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിററിൽ ലഭ്യമാക്കേണ്ടതാണ്.

1-16 പരേതയും കർഷക ക്ഷേമ പെൻഷൻ വാങ്ങുന്നു.

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താവിന്റെ കർഷക പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെൻഡ് ചെയ്തിട്ടില്ല. ബന്ധപ്പെട്ട കൃഷി ഓഫീസ് മുഖേന പ്രതിമാസം 1600 രൂപ നിരക്കിൽ ബാങ്ക് മുഖേനയാണ് കർഷക പെൻഷൻ നൽകുന്നത്. പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തത് മൂലം നാളിതുവരെയുള്ള പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ഇടയായിട്ടുണ്ട്. ഇപ്പോഴും കർഷക പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിൽക്കുന്ന മരണമടഞ്ഞ ഗുണഭോക്താവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക	കാലയളവ്
1	ആനന്ദവല്ലിയമ്മ	2220053116	അഗ്രിക്കൾച്ചർ പെൻഷൻ	09.01.22,	24000	2/22-4/23 (ബാങ്ക്)

ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം യഥാസമയം കൃഷി ഓഫീസിനെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകങ്ങൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ 2022-23വർഷം നിർവ്വഹിക്കപ്പെട്ടിട്ടുള്ള വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചില അപാകതകൾ കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	**പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര്**	**വിനിയോഗിച്ച തുക**	വൗച്ചർ നം/ ബിൽ നമ്പർ/ തീയതി	അപാകത

1	96/23എസ്.എസ് .കെ. വിഹിതം നല്കൽ	100000	ബിൽ നം.35/20.09.22	ധനവിനിയോഗസാക്ഷ്യപത്രം ഫയലിൽഉൾപ്പെടുത്തിയിട്ടില്ല.
2	36/23,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വിവിധ വാർഡുകളിൽ	144550	വൗച്ചർ നം-XVFC/22-23/P/2/18.05.22	പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
3	02/23,വിവിധ വാർഡുകളിൽ അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-02/23	38119	വൗച്ചർ നം-XVFC/22-23/P/26/11.11.22	വിനിയോഗസാക്ഷ്യപത്രം,പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഫയലിൽഉൾപ്പെടുത്തിയിട്ടില്ല
4	03/23,വിവിധ വാർഡുകളിലെ ഇലക്ട്രിക് സ്ട്രീററ് ലൈൻ ദീർഘിപ്പിക്കൽ.03/23	538718	വൗച്ചർ നം-XVFC/22-23/P/43/30.12.22	വിനിയോഗസാക്ഷ്യപത്രം,പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഫയലിൽഉൾപ്പെടുത്തിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.24 തീയതി. 4.8.23)ക്ക് രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ആഡിറ്റിൽ ഹാജരാകുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

1-18 ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2016ലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 22 ഹരിതകർമ്മസേനാംഗങ്ങളാണ് കർമ്മ നിരതരായിട്ടുള്ളത്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് 900 ച.മീ. വിസ്തീർണ്ണമുള്ള ഒരുഎം.സി.എഫ് പ്രവർത്തിക്കുന്നുണ്ട്.എന്നാൽടി എം.സി.എഫ് വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനാൽ വാർഡിൽ പ്രവർത്തനക്ഷമമല്ലാത്ത കൃഷി ഓഫീസ് കെട്ടിടം പൊളിച്ച് പുതിയ എം.സി.എഫ്

നിർമ്മിക്കുന്നതിന പദ്ധതി അംഗീകരിച്ച് അംഗീകാരം നേടിയിട്ടുണ്ട്.13 വാർഡുകളിലും പ്ളാസ്റ്ററിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.വാതിൽപ്പടി ശേഖരണം നടത്തുന്നതിനു എല്ലാ വാർഡുകളിലും ഹരിതകർമ്മസേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.രണ്ടു വാർഡുകളിൽ ഒരംഗവും ബാക്കി വാർഡുകളിൽ രണ്ടു പേരുമാണ് വാതിൽപ്പടി ശേഖരണം നടത്തുന്നത്.എല്ലാ മാസവും ആദ്യ വാരം വാതിൽപ്പടി ശേഖരണം നടത്തുകയും ശേഖരിക്കുന്ന പ്ളാസ്റ്ററിക്ക് മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുകയും ചെയ്യുന്നു.ടി മാലിന്യങ്ങൾ തരം തിരിച്ച് കൃത്യമായ ഇട വേളകളിൽ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നു. കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിനായി വാസഗൃഹങ്ങൾ,വാണിജ്യ സ്ഥാപനങ്ങൾ,ഓഫീസുകൾ എന്നിവിടങ്ങളിൽ ക്യൂ.ആർ കോഡ് പതിപ്പിക്കുകയും ആയത് സ്കാൻ ചെയ്ത് വാതിൽപ്പടി ശേഖരണം നടത്തുന്നതിനു ഫലപ്രദമാക്കുകയും ചെയ്യുന്നുണ്ട്.ജനങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളുമായി സഹകരിക്കാത്തതും, യൂസർ ഫീസ് നൽകാൻ വിമുഖത കാണിക്കുന്നതുമുൾപ്പെടെ ഹരിതകർമ്മ സേനാംഗങ്ങളോടുള്ള പൊതുജനങ്ങളുടെ സമീപനത്തിൽ മാററങ്ങൾ വന്നിട്ടുണ്ടെങ്കിലും പൂർണ്ണ സഹകരണം ലഭിക്കുന്നില്ല.100%യുസർഫീ പിരിച്ചെടുത്ത ഹരിതകർമ്മ സേനാംഗത്തിനെ ആദരിച്ച സമീപനം സ്വാഗതാർഹമാണ്.എം.സി.എഫ്-ന്റെ പ്രവർത്തനങ്ങൾ സുഖമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്ക് സ്ഥിരവും, മാന്യവുമായ വേതനം ലഭ്യമാക്കേണ്ടതാണ്. നിലവിൽ 4500/- രൂപ മാത്രമാണ് ഹരിതകർമ്മ സേനാംഗത്തിന്റെ പ്രതിമാസ ശരാശരി വരുമാനം. അവർ ചെയ്യുന്ന ജോലിയ്ക്ക് മാന്യമായ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.തെറ്റായ രീതിയിൽ മാലിന്യ സംസ്ക്കരണം നടത്തുന്നവരുടെ വിവരം ശേഖരിക്കാനും ബോധവത്കരണം നടത്താനും ഹരിത കർമസേനയുടെ സേവനം പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.**മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.**

1-19 സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില ,മഴയുടെ അളവ് ,കാറ്റിന്റെ ഗതി ,തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം .അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28 / 5 / 22 ലെ സ .ഉ .കൈ.115 / 22 /ത സ്വ ഭ വ(7 .8 .8)നിർദേശിക്കുന്നു .അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള

സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ് .അനുയോജ്യമായ സ്ഥാലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-20 അഗതികേരളം പദ്ധതി -അവലോകനം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളുടെയും സംരക്ഷണം ലക്ഷ്യമിട്ട് ജി.ഓ.(എം,എസ്സ്)252/17/ത.സ്വ.ഭ.വ,സർക്കാർ തീരുമാന പ്രകാരം ആവിഷ്ക്കരിച്ച പദ്ധതിയായ അഗതി രഹീത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃതചത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൽ വഴി നടപ്പിലാക്കുന്നു.

ഗ്രാമപ്പഞ്ചായത്തിൽ അഗതി രഹീത കേരളം പദ്ധതിക്ക് 18.06.18 തീയതിയിൽ അംഗീകാരം ലഭിച്ചു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സേവനം	ഗുണഭോക്താക്കളുടെ എണ്ണം	22-23ലെ ചിലവ്.
ഭക്ഷണം	142	ഇല്ല
ചികിത്സ	128	ഇല്ല
വീട്	26	ഇല്ല
ഭവന പുനരുദ്ധാരണം	17	500000

അഞ്ച് ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി ആനുകൂല്യം നല്കിയെങ്കിലും ജില്ലാ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ നിലവിൽ മാസങ്ങളായി ഭക്ഷണ വിതരണം പോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി സേവനങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഓരോ ഗുണഭോക്താവിന്റെയും അതിജീവനാവശ്യങ്ങൾ കണ്ടെത്തിയാണ് അഗതി രഹിത കേരളം പദ്ധതി പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുള്ളതും പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും.പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി വിലയിരുത്തൽ സമിതി നിരന്തര വിലയിരുത്തലിനായി ഉപസമിതി രൂപീകരിച്ച് യോഗങ്ങൾ ചേരേണ്ടതും സി ഡി എസ്സിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി ക്രിയാത്മകമായി നടപ്പിലാക്കുന്നതിന് ഭരണസമിതിയും സ്ററാൻഡിംഗ് കമ്മററിയും സജീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1-21 മരുന്നു ലഭ്യമാക്കുന്നതിനു കാലതാമസം

1.മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കാരുണ്യ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിററഡിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം./പേര്	കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/	പെർഫോർമ ഇൻവോയ്സ് നമ്പർ/ തുക	ലഭ്യമായ മരുന്ന് (രൂപ)	ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ)
31/21-22 സാന്ത്വന പരിചരണം	20,5,000	PRF 3202	204073	927
9/21-22പി.എച്ച്സി.ലേയ്ക്ക് മരുന്നുവാങ്ങൽ	2,00,000	PRF 2758	194520	5480
31/22-23 സാന്ത്വന പരിചരണം	1,00,000 89,500	PRF4328 PRF4984	3664 40688	96336 48812
			ആകെ തുക	1,51,555

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. 2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നേരിട്ട് നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ (Project നം.8 - /22-23) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും അനുവദിച്ച 3,00,000 രൂപ(ബിൽ നം.01/22-23 തീയതി 23-3-22) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 54,456രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല. അടിയന്തരമായി മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-22 ഫോറം 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല.

2/ 7 / 2006 ലെ സ .ഉ .(പ്രിന്റ്)177 / 2006 /ധനം ഉത്തരവിലെ ധന വിനിയോഗ മാർഗരേഖകൾ അനുസരിച്ച് നിർവഹണ ഉദ്യോഗസ്ഥർ അതത് ഓഫീസിലെ ഫോറം 7 A ക്യാഷ് ബുക്കിൽ പ്രൊജെക്റ്റുകളുടെ വരവു ചെലവുകൾ

രേഖപ്പെടുത്തേണ്ടതും പദ്ധതി ചെലവുകളുടെ വിശദാംശംങ്ങൾ സബ്സിഡിയറി രജിസ്റ്ററുീൽ രേഖപ്പെടുത്തേണ്ടതുാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1.ഫിഷറീസ് സബ് ഇൻസ്പെക്ടർ.

2.ഡയറി ഫാം ഇൻസ്പെക്ടർ.

3.അസിസ്റ്റന്റ് സെക്രട്ടറി.

4.കൃഷി ഓഫീസർ.

5.വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

1-23 പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പദ്ധതി രൂപീകരിച്ചിട്ടില്ല.

28/ 5 / 22 ലെ സ .ഉ .115/ 22 ത സ്വ ഭ വ (6 .5 .1) പ്രകാരം തദ്ദേശ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED PLAN)കൂടി 22 -23 മുതൽ തയ്യാറാക്കേണ്ടതുണ്ട് . സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ ,തൊഴിൽദായക സംരംഭങ്ങൾ , നൈപുണ്യ വികസനം എന്നിവക്കാണ് പരിഗണന നൽകേണ്ടത്

1-24 വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശങ്ങളുടെ വികസനത്തിന് നടപടി വേണം

ഇക്കോടൂറിസത്തിന് സാധ്യതയുള്ള നിരവധി പ്രദേശങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. ജില്ലാ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഈ പ്രദേശങ്ങളുടെ വികസനം സാധ്യമായാൽ അത് പ്രാദേശിക വികസനത്തിനും ഗ്രാമപഞ്ചായത്തിന് വരുമാന വർദ്ധനവിനും ഇടയാക്കും. ടൂറിസം സാധ്യതയുള്ള പ്രധാന പ്രദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) അരുവിക്കുഴി വെള്ളച്ചാട്ടം :- ഇക്കോടൂറിസത്തിന് സാധ്യതയുള്ള സുരക്ഷിതമായ വെള്ളച്ചാട്ടമാണിത്. ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലാണ് പ്രകൃതിരമണീയമായ ഈ വെള്ളച്ചാട്ടം. സാമൂഹ്യ മാധ്യമങ്ങളിലൂടെ അറിഞ്ഞ് ധാരാളം ആളുകൾ എത്തുന്നുണ്ടെങ്കിലും വെള്ളച്ചാട്ടത്തിന്റെ ഭാഗത്തേയ്ക്ക് പോകുന്നതിന് സുരക്ഷിതമായ വഴി ഒരുക്കിയിട്ടില്ല. ഇവിടെ സ്ഥാപിച്ച ടൂറിസം അമിനിറ്റി സെന്റർ തകർന്ന നിലയിലാണ്. മികച്ച അടിസ്ഥാന സൗകര്യം ഒരുക്കിയാൽ പ്രാദേശിക വികസനത്തിനുള്ള വലിയ സാധ്യതയുള്ള ഇക്കോടൂറിസം പദ്ധതിയാണിത്.

ബി) ആഞ്ഞിലിമൂട്ടിൽ കടവ് മുതൽ പരപ്പുഴക്കടവ് വരെയുള്ള പമ്പാനദീതീരം

ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലുള്ള ആഞ്ഞിലിമൂട്ടിൽ കടവ് മുതൽ പരപ്പുഴക്കടവ് വരെയുള്ള പമ്പാനദീതീരം ബോട്ടിംഗ്, കുട്ടവഞ്ചി സവാരി എന്നിവ ഉൾപ്പടെയുള്ള വിനോദ സഞ്ചാര പദ്ധതിയ്ക്ക് അനുയോജ്യമാണ്. .

ഇത് കൂടാതെ ഏഴ്, എട്ട് വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പാലക്കാട് ചിറ, പത്താം വാർഡിലെ വാളകം പുഞ്ച എന്നിവ ഗ്രാമീണ ടൂറിസം പദ്ധതി ഒരുക്കുന്നതിനു സാധ്യതയുള്ള സ്ഥലങ്ങളാണ്. തനത് വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫണ്ട് കണ്ടെത്തുവാൻ കഴിയുന്നില്ല. ജില്ലാ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഈ പ്രോജക്ടുകൾ നടപ്പിലായാൽ പ്രാദേശിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കുമെന്നത് നിസ്തർക്കമാണ്. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോടെ ശുപാർശ ചെയ്യുന്നു.

1-25 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 14.9.21 ലെ യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ KSREC തയ്യാറാക്കിയ R-TRACK ആപ്പ് ഉപയോഗിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാനും നിർദ്ദേശിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22, 2022-23 വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.

1-26 മരാമത്ത് പ്രവൃത്തികൾ- പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 66 മരാമത്ത് പ്രവൃത്തികളിൽ 82.81 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 29 പ്രവൃത്തികൾ തൻവർഷം

പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യം വരെ നീണ്ടു പോയതായി കാണുന്നു. വർഷാന്ത്യം വരെ ടെണ്ടർ നടപടികൾ നീണ്ടുപോകുന്നതിനാൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ തുക വകയിരുത്തി പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനോ, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭ്യമായ ഫണ്ട് പരമാവധി വിനിയോഗിക്കുന്നതിനോ സാധിച്ചിട്ടില്ല.

(2) വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ നടപ്പിലാക്കാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ചെറുതും ഫലക്ഷമത കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് പശ്ചാത്തല മേഖലയിൽ ചെറിയ അടങ്കൽ തുകയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

(3) ഓഡിറ്റ് വർഷം വളരെ കുറവ് മരാമത്ത് പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് ടെണ്ടർ സേവിംഗ്സ് ലഭിക്കുകയും ലഭിക്കുകയും ചെയ്തു. 2022-23 വാർഷിക പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള മരാമത്ത് പ്രവർത്തികൾ 31.03.2023 വരെ ഇ ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി 20.11.2022 ലെ 204/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് പ്രകാരം പഞ്ചായത്തിൽ ഭൂരിപക്ഷം പ്രവൃത്തികളും മാനുവൽ ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. നിരവധി പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കേണ്ടി വന്നിട്ടുണ്ട്.

4)പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ഏക വർഷമായി ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ വർഷങ്ങൾ സ്പിൽ ഓവറായി തുടരുന്നതുമൂലം ഫണ്ട് ലാപ്സാകുന്നു എന്ന് മാത്രമല്ല പ്രോജക്ടിന്റെ പ്രയോജനം യഥാസമയം ലഭിക്കാത്ത സ്ഥിതിയുമുണ്ട്. ഉദാ. കുന്നേക്കാലിൽ കുടിവെള്ള പദ്ധതി, പി.എച്ച്.സിയിലെ ലാബ് കെട്ടിട നിർമ്മാണം, ടേക്ക് എ ബ്രേക്ക് ടോയലറ്റ് നിർമ്മാണം.

5) ടെണ്ടർ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ വിശദാംശങ്ങൾ (രസീത് നം/ തീയതി)ചേർക്കുന്നില്ല. ടെണ്ടർ ലഭിച്ച തീയതി, പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ, ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാന നമ്പർ, ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ സന്നിഹതരായ കരാറുകാരുടെ കൈയ്യൊപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

(6)എഗ്രിമെന്റ് രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നമ്പർ, പി.എ.സി., സെക്യൂരിറ്റി തുകയുടെ വിവരം, പ്രവൃത്തി പൂർത്തീകരണ കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(7) സെക്യൂരിറ്റി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെക്യൂരിറ്റികൾ തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(8) ഫയൽ സൂക്ഷിപ്പിൽ അപാകതയുണ്ട്. ലഭിച്ച ടെണ്ടറുകൾ ടാബുലേറ്റ് ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരുമായി മുദ്രപത്രത്തിൽ കരാർ ചമയ്ക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റിൽ വ്യക്തമാക്കുന്നില്ല. ജാമ്യ നിക്ഷേപമായി ഈടാക്കിയിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിന്റെ വിശദാംശം ഉൾപ്പെടുത്തുന്നില്ല. എഗ്രിമെന്റിൽ അസി.എഞ്ചിനീയറും, സാക്ഷികളും കൈയ്യൊപ്പിട്ട് ആധികാരികമാക്കുന്നില്ല. കരാറുകാരുമായി ഏർപ്പെടുന്ന എഗ്രിമെന്റിലെ വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല. ഇതിനകം DSR സ്പെസിഫിക്കേഷനുകളും, നിരക്കുകളുമാണ് പ്രവൃത്തി നടത്തുന്നതിന് അവലംബിച്ചിട്ടുള്ളതെങ്കിലും, കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ അനുസരിച്ച് പണി നടത്തുന്നതിനാണ് കരാറിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്.

(9) ടെണ്ടർ അംഗീകരിച്ചതിനുശേഷം കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസ് മിക്ക ഫയലിലും സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖയും എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റും, മോണിട്ടറിംഗ് റിപ്പോർട്ടും മിക്ക ഫയലുകളിലും ലഭ്യമാക്കിയിട്ടില്ല.

(10) അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂവെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ റോഡ് ആസ്തികളുടെ യുണീക് നമ്പർ ചേർക്കാത്തതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുനരുദ്ധാരണം നടത്തുന്ന റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

(11)നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

(12)പഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശ പ്രകാരം വിശദാംശങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിർബ്ബന്ധമായും പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കരാർ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം 30 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാർ സേവന പുസ്തകം സൂക്ഷിക്കുന്നില്ല. സേവന രേഖകൾ സൂക്ഷിക്കാത്തതിനാൽ സറണ്ടർ അനുവദിക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. കരാർ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കേണ്ടതും സേവന കാലയളവ്, ആർജ്ജിച്ച ആർജ്ജിത അവധി, സറണ്ടർ ചെയ്ത അവധി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-28 ആരോഗ്യ ജാഗ്രതാ പ്രവർത്തനം- ശുചിത്വ മിഷൻ വിഹിതം ലഭിച്ചില്ല

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ വിഹിതം ഇനത്തിൽ വാർഡ് ഒന്നിന് 10,000 രൂപ ക്രമത്തിൽ ശുചിത്വമിഷൻ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിരുന്നു. എന്നാൽ 2022-23 വർഷം ഗ്രാമപഞ്ചായത്തിന് ശുചിത്വമിഷൻ വിഹിതം ലഭിച്ചിട്ടില്ല. സാങ്കേതിക തടസ്സം മൂലം യഥാസമയം ട്രഷറിയിൽ ബിൽ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച 130000 രൂപ മാറിയെടുക്കുവാൻ സാധിച്ചിട്ടില്ല. ഫണ്ട് യഥാസമയം ലഭിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും തുക നൽകുകയും ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുകയുമാണ്. തനത് ഫണ്ട് വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യതയുണ്ടാക്കിയിട്ടുണ്ട്. ഇക്കാര്യം കമ്മിറ്റി തീരുമാനം സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചു. തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരേ നടപടിയില്ല

കാവുംകോട്ടുപടി അമയിൽപ്പടി റോഡ് റീടാറിംഗ്(69/22) പ്രവൃത്തി 17/11/21-ൽ ടെണ്ടർ ചെയ്യുകയും ശ്രീ.ബിജു തോമസ് ജോൺ എന്നയാൾക്ക 07/12/21-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 15/02/22-ൽ ടിയാൻ സമർപ്പിച്ച എഗ്രിമെന്റ് ഫയലിലുണ്ട്. എഗ്രിമെന്റിൽ കരാറുകാരനോ എൻജിനീയറോ ഒപ്പ് വെച്ചിട്ടില്ല. കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടിയാൻ ഇ.എം.ഡി. ഇനത്തിൽ 1100 രൂപയുടേയും സെക്യൂരിറ്റി ഇനത്തിൽ 4500 രൂപയുടേയും ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. ഈ വിഷയത്തിൽ പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-30 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക 65.68 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക ജൂലൈ 2023-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 6568470 രൂപയാണ്. വെള്ളക്കരം പ്രതിമാസം കൃത്യമായി ഒടുക്കാതിരുന്നതിനാലാണ് 2% നിരക്കിൽ പലിശയും, പിഴപലിശയും ചേർന്ന് ഇത്രയും കുടിശികയായത്. 8/22 മുതൽ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് ഒടുക്കിയിട്ടില്ല. 248 ടാപ്പുകളുടെ പ്രതിമാസ വാട്ടർ ചാർജ് നിലവിൽ 300886 രൂപയാണ്. ഫൈൻ ഇനത്തിൽ പ്രതിമാസം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത് 120686 രൂപയാണ്. 2022 ജനുവരി മാസം സംയുക്ത പരിശോധന നടത്തി 170 ടാപ്പുകൾ പ്രവർത്തന ക്ഷമമല്ലായെന്ന് കണ്ടെത്തിയിരുന്നു. ഇതിൽ 20 ടാപ്പുകൾ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഡിസ്കണക്ട് ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള 150 ടാപ്പുകളുടെ ഡിസ്കണക്ഷൻ ഫീസ് ഇനത്തിൽ 228976 രൂപ ഒടുക്കണമെന്നും ആവശ്യപ്പെട്ട് 13/06/22-ൽ ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റി കത്ത് നൽകിയിരുന്നു. എന്നാൽ ടി തുക ഒടുക്കാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഡിസ്കണക്ഷൻ ചാർജ് ഒഴിവാക്കി നൽകണമെന്ന് കത്ത് നൽകുകയാണ് ചെയ്തത്. തുടർന്നുള്ള വാട്ടർ ചാർജും ഒടുക്കിയില്ല. ഡിസ്കണക്ഷൻ ഫീസ് ഒടുക്കാത്തതിനാൽ 248 ടാപ്പുകളുടെ വാട്ടർ ചാർജ് ഇപ്പോഴും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട്. വാട്ടർ ചാർജ് കുടിശ്ശിക 6568470 രൂപയായി ഉയരുകയും ചെയ്തു. തനത് ഫണ്ട് വളരെ കുറവായ ഗ്രാമപഞ്ചായത്തിന് ഇത് വലിയ ബാധ്യതയാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തിര ഭരണതല നടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം		ലഭിച്ച തുക	പ്രോജക്ട്നമ്പർ/പേര്	വിനിയോഗിച്ച തുക	
ജില്ലാ പഞ്ചായത്ത്	ബ്ളോക്ക് പഞ്ചായത്ത്			ജില്ലാ പഞ്ചായത്ത്	ബ്ളോക്ക്പഞ്ചായത്ത്
141182	50000	191182	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	141182	50000
0	0	0	ദുരന്തനിവാരണം-പഞ്ചായത്തിലേക്ക് വള്ളവുംഅനുബന്ധ സുരക്ഷാ ഉപകരണങ്ങളും വാങ്ങൽ	0	0
0	0	0	ആശ്രയ-അഗതി രഹിത കേരളം പദ്ധതി	0	0
192246	125000	317246	അംഗനവാടി പോഷകാഹാരം	192246	125000
300000	100000	400000	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(ജനറൽ)	300000	100000
197500	0	197500	സാന്ത്വനപരിചരണം	197500	0
200000	200000	400000	നെൽകൃഷി വികസനം	200000	200000
290000	120000	410000	ലൈഫ് ഭവന പദ്ധതി(എസ്.സി)	290000	120000
0	100000	100000	ലൈഫ് ഭവന പദ്ധതി(ജനറൽ)	0	100000

0	0	0	നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല	0	0
0	258440	258440	പനച്ചേരിമുക്ക് ചിറയിറമ്പ് വൈ.എം.സി.എ.- മോസ്കോ പടി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ	0	258440

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	03/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	XVFC/2022-23/P/43	538718	0	0
കേരള വാട്ടർ അതോറിറ്റി	36/23വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SO)	XVFC/2022-23/P/2	144580	0	0
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	12/23വിവിധ വാർഡുകളിൽ അപകടകരമായ ഇലക്ട്രിക്കൽ പോസ്റ്റ് മാററി സ്ഥാപീക്കൽ	XVFC/2022-23/P/26	38119	0	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിട്ടില്ലെങ്കിലും വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി.)എന്നിവയുടെ അലോട്ട്മെന്റിൽ നിന്നും വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നാളിതുവരെ 774676 രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-**വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ അവസ്ഥ
2011-12	ലഘു അവലോകനം	2012-13	3.4.5	തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2011-12	പ്രവർത്തന അവലോകന റിപ്പോർട്ട്	2012-13	2.4	ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു

2014-15	2-1	2016-17	2(1,2,3)	വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2015-16	2-2	2016-17	2.2	തൊഴിൽ നികുതി അപാകത	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	74099942
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	75641113
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	**തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**	**അവശേഷിക്കുന്ന ഖണ്ഡികകൾ**
2007-08 മുതൽ 2010-11 വരെ	എൽ.എഫ്.പിറ്റിഎ-പി8.943/2012 തീയതി 16.12.2011/10.05.2013	5 (3-3,3-11, 3-12, 3-14, 3-16)

2011-12 2012-13	എൽഎഫ്.പിറ്റിഎ-പി8.684/2014 തീയതി19.11.2014/12.01.2015	2 (3-11, 3-10)
2013-14	എൽ.എഫ്.പിറ്റിഎ-പി8.325/2015 തീയതി 17.06.2015/16.07.2015	2 (3-1, 3-4)
2014-15	എൽ.എഫ്.പിറ്റിഎ-പി8.733/2016 തീയതി 08.07.2016	6 (2-1, 2-2, 2-3, 3-1, 3-7, 3-10)
2015-16	കെഎസ്എ.പിറ്റിഎ-പി8.1208/2016 തീയതി 18.11.2016	10 (2-2(എ), 2-2(ബി), 3-1-1, 3-3,3-4,3-7, 3-8, 3-10, 3-12, 3-15)
2016-17	കെഎസ്എ.പിറ്റിഎ-പി8.975/2017 തീയതി 30.08.2017	2 (3-9, 4-2)
2017-18	കെഎസ്എ.പിറ്റിഎ-പി8.84/2019 തീയതി 08.02.2019	1 (4-2)
2018-19	കെഎസ്എ.പിറ്റിഎ-പി8.1007/2019 തീയതി 13.12.2019	4 (1-16,1-17,1-25,4-2)

2019-20	കെഎസ്എ.പിറ്റിഎ.പി8-418/2021 തീയതി 29.06.2021	5 (1-17,1-18,1-25,1-26,1-27)
2020-21	കെഎസ്എ.പിറ്റിഎ.പി8-429/2022 തീയതി 18.05.2022	4 (1-17, 1-25, 1-26, 1-27)
2021-22	കെഎസ്എ.പിറ്റിഎ.പി8-1302/2022 തീയതി 27.04.2023	9(1-15,1-22,1-23,1-24,1-25, 1-26,1-27,1-29,4-2)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ആഡിറ്റ് കാര്യലയം
പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the THOTTAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of THOTTAPPUZHASSERY Grama Panchayat for the year 2022-2023

Date: 19/09/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of THOTTAPPUZHASSERY Grama Panchayat for the Year 2022-2023.

1.Major Observations

1. valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2. Non disclosure of liability.

2.Other Observations

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Monthly Bank Reconciliation statement not prepared

4. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. Lack of authenticated journal vouchers for supporting the adjustment entries recorded in â□□Prior Period itemsâ□□

9. The demand registers professional tax and licence are not periodically reconciled with accounts.

10.Grant balance does not tally with bank balance

11)Amount used for maintenance of road and non road assets transferred to Capital Contribution and treated as capital income.

Deputy Director

<u>അനുബന്ധം-2</u>
<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്